"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിവര പൊതുജന സമ്പർക്ക വകുപ്പ്- ഫാക്ട് ചെക്ക് ഡിവിഷൻ- അംഗങ്ങളെ ഉൾപ്പെടുത്തി ഗവേണിങ് കൗൺസിൽ പരിഷ്കരിച്ച് ഉത്തരവാകുന്നു.

---

**വിവര പൊതുജന സമ്പർക്ക (ഇ) വകുപ്പ്**

G.O.(Rt)No.72/2021/I&PRD തിരുവനന്തപുരം, തീയതി: 04/05/2021

---

പരാമർശം:- 22.06.2020-ലെ സ.ഉ.(സാധാ.)നം.87/2020/ഐ&പി ആർ

**ഉത്തരവ്**

വ്യാജ വാർത്തകൾ (സന്ദേശങ്ങൾ/പോസ്റ്റുകൾ) കണ്ടെത്തി നടപടി സ്വീകരിക്കുന്നതിന് വിവര പൊതുജന സമ്പർക്ക വകുപ്പിനു കീഴിൽ ഫാക്ട് ചെക്ക് ഡിവിഷൻ (I&PRD Fact Check) രൂപീകരിച്ചും ഡിവിഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും, വിവിധ വകുപ്പുകളുടെ സേവനം ഏകോപിപ്പിക്കുന്നതിനുമായി ചുവടെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഗവർണിങ് കൗൺസിൽ രൂപീകരിച്ചും പരാമർശം പ്രകാരം ഉത്തരവായിരുന്നു.

1. ചെയർമാൻ: സെക്രട്ടറി , വിവര പൊതുജന സമ്പർക്ക വകുപ്പ്
2. കൺവീനർ: ഡയറക്ടർ , വിവര പൊതുജന സമ്പർക്ക വകുപ്പ്
3. അഡ്വൈസർ: ശ്രീ മിർ മുഹമ്മദ് അലി ഐ എ എസ്

**അംഗങ്ങൾ**:

4. പോലീസ്, ഐ ടി, ആരോഗ്യം, റവന്യൂ വകുപ്പുകളിലെ സീനിയർ ഉദ്യോഗസ്ഥർ
5. രണ്ട് മാധ്യമങ്ങളിൽ നിന്നുള്ള എഡിറ്റർമാർ (സർക്കാർ നാമനിർദ്ദേശം ചെയ്യുന്നവർ)
6. ഒരു സൈബർ സെക്യൂരിറ്റി വിദഗ്ദ്ധൻ
7. ഒരു ഫാക്ട് ചെക്കിങ് വിദഗ്ദ്ധൻ
8. സൈബർ ഡോം, ഫോറൻസിക് വിഭാഗങ്ങളുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥർ

9. സി-ഡിറ്റ് വെബ് വിഭാഗത്തിൽ നിന്നുള്ള ഒരു ഉദ്യോഗസ്ഥൻ

2) അത് പ്രകാരം വിവിധ വകുപ്പുകളിൽ നിന്ന് നോമിനേഷനുകൾ ലഭിക്കുകയുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന അംഗങ്ങളെ അവരുടെ പേര് ഉൾപ്പെടുത്തി ഗവേണിങ് കൗൺസിൽ പരിഷ്കരിച്ച് അംഗങ്ങളിൽ പോലീസ്, ഐ ടി, ആരോഗ്യം, റവന്യൂ വകുപ്പുകളിലെ സീനിയർ ഉദ്യോഗസ്ഥൻ എന്നത് ജോയിന്റ് സെക്രട്ടറി/എ ഡി ജി പി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ എന്നു വ്യക്തത വരുത്തിയും ഉത്തരവാകുന്നു.

1) ചെയർമാൻ: സെക്രട്ടറി, വിവര- പൊതുജന സമ്പർക്ക വകുപ്പ്

2) കൺവീനർ: ഡയറക്ടർ, വിവര -പൊതുജന സമ്പർക്ക വകുപ്പ്

3) അഡ്വൈസർ: ശ്രീ മിർ മുഹമ്മദ് അലി ഐ എ എസ്

**അംഗങ്ങൾ**:

4) പോലീസ് വകുപ്പിലെ എ ഡി ജി പി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ

5) റവന്യൂ വകുപ്പിലെ ജോയിന്റ് സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ

6) ഐടി വകുപ്പിലെ ജോയിന്റ് സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ

7) ആരോഗ്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ

8) ശ്രീ കെ. ശ്രീകണ്ഠൻ നായർ ( മാനേജിങ് ഡയറക്ടർ, 24 ന്യൂസ്)

9) ശ്രീ സി. ശ്രീകുമാർ (എഡിറ്റർ, ദേശാഭിമാനി ഓൺലൈൻ)

10) ശ്രീ കൃഷ്ണണൻ പോറ്റി (ഇൻസ്പെക്ടർ ഓഫ് പോലീസ്, ഹൈ-ടെക് ക്രൈം എൻക്വയറി സെൽ, കേരളാ പോലീസ്)

11) ശ്രീ സുനിൽ പ്രഭാകർ (ഫാക്ട് ചെക്ക് എക്സ്പേർട് & കൺസൾട്ടന്റ്)

12) ശ്രീ മനോജ് എബ്രഹാം ഐ പി എസ് ( എ ഡി ജി പി, സൈബർ ഡോം)

13) ശ്രീമതി എം.എ. ലതാ ദേവി (ഡയറക്ടർ, ഫോറൻസിക് സയൻസ് ലബോറട്ടറി)

14) ശ്രീ ബിജു എസ്.ബി.(സി- ഡിറ്റിന്റെ ഇൻഫോമാറ്റിക്സ് -വെബ് വിഭാഗം മേധാവി)

3) സംസ്ഥാന സർക്കാരുമായി (വകുപ്പുകൾ, സ്ഥാപനങ്ങൾ തുടങ്ങിയവ) ബന്ധപ്പെട്ടത്തി സാമൂഹ്യമാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കപ്പെടുന്ന സംശയാസ്പദമായ പോസ്റ്റുകൾ(സന്ദേശങ്ങൾ, ഫോട്ടോകൾ, വീഡിയോകൾ, ഹ്രസ്വചിത്രങ്ങൾ തുടങ്ങിയവ) മാത്രമാണ് നിലവിൽ ഫാക്ട് ചെക്ക് ഡിവിഷന്റെ പരിധിയിൽ വരുന്നത്.

4)കൗൺസിലിന്റെ കാലാവധി ഉത്തരവ് തീയതി മുതൽ ഒരു വർഷമായിരിക്കുന്നതാണ്. അംഗങ്ങൾക്ക് ഒന്നാം ക്ലാസ് വിഭാഗത്തിൽപ്പെടുന്നവരുടേതിന് തുല്യമായ ടി.എ/ഡി.എ അഥവാ സിറ്റിംഗ് ഫീ/ഓണറേറിയത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

VENUGOPAL P

SECRETARY

ഗവേണിങ് കൗൺസിൽ കൺവീനർ, അഡ്വൈസർ എന്നിവർക്കും

എല്ലാ അംഗങ്ങൾക്കും

ജില്ലാ കളക്ടർമാർ

രജിസ്ട്രാർ സി - ഡിറ്റ്

ഡയറക്ടർ, ഐ ടി മിഷൻ

സൈബർ സെൽ, കേരള പോലീസ്

സൈബർ ഡോം, കേരള പോലീസ്

അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ്/ എ & ഇ ), കേരള

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഐ & പി ആർ ഡി സെക്രട്ടറിയുടെ സി എ

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**